# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1466**

**06.03.2017 - ൽ**
**മറുപടിക്ക്**

### കൃഷി വകുപ്പിലെ കമ്പ്യൂട്ടർവത്ക്കരണം

| ചോദ്യം<br>ശ്രീ.കെ. രാജൻ | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| **എ)** കൃഷി വകുപ്പിൽ നടപ്പാക്കിയ കമ്പ്യൂട്ടർവൽക്കരണം കൊണ്ട് സാധാരണക്കാരായ കർഷകർക്ക് എന്തൊക്കെ പ്രയോജനം ലഭിക്കുന്നുണ്ടെന്ന് വിശദമാക്കാമോ; | **എ)**<br>• കർഷകരും കൃഷി വകുപ്പും തമ്മിൽ വേഗത്തിൽ ആശയ വിനിമയം നടപ്പിലാക്കുവാൻ സഹായിക്കുന്നു,<br>• കർഷകർക്ക് കൃഷിസംബന്ധമായ വിവരങ്ങൾ എസ്.എം.എസ്. ആയി ലഭിക്കുന്നതിന് കമ്പ്യൂട്ടർവൽക്കരണം സഹായകരമായിട്ടുണ്ട്.<br>• കർഷകർക്ക് സബ്സിഡി അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നതിനും പ്രസ്തുത വിവരം എസ്.എം.എസ്.ആയി അറിയിക്കുവാനും സാധിക്കുന്നു. കർഷകർക്ക് നൽകുന്ന സുതാര്യത ഉറപ്പു വരുത്തുവാൻ കഴിയുന്നു. ഈ വിവരം www.ebt.kerala.gov.in എന്ന പോർട്ടലിൽ ലഭ്യമാണ്.<br>• കൃഷി വകുപ്പിന്റെ വിവിധ ഓഫീസുകളുമായി ഇ-മെയിൽ വഴിയും ഡിജിറ്റൽ സാങ്കേതിക വിദ്യകൾ വഴിയും ആശയവിനിമയം വേഗത്തിലാക്കി കർഷകന് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിന് സഹായിക്കുന്നു.<br>• ഇന്ത്യയിലെ ആദ്യത്തെ കർഷക ഡേറ്റാബേസ് തയ്യാറാക്കുന്നതിന് കമ്പ്യൂട്ടറൈസേഷൻ മൂലം സാധിച്ചിട്ടുണ്ട്. (www.kissan.gov.in)<br>• കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങൾ പേപ്പർരഹിതമായി നടപ്പാക്കുന്നതിനുള്ള സോഫ്റ്റ്.വെയർ തയ്യാറാക്കുന്നതിന് കമ്പ്യൂട്ടറൈസേഷൻ പിൻബലം നൽകുന്നു. ഇതുവഴി കൃഷി ഭവൻ ഉദ്യോഗസ്ഥർക്ക് ഓഫീസ് ജോലി കുറയുന്നതോടെ കർഷകരുമായി കൂടുതൽ സമ്പർക്കം പുലർത്തുന്നതിനും, സാങ്കേതിക വിജ്ഞാനവ്യാപനത്തിനും കൂടുതൽ സമയം ലഭിക്കുന്നതാണ്.<br>• കാർഷിക വിവരസങ്കേതം (www.krishi.info) വഴി കർഷകന് ഓൺലൈനായി വിവരങ്ങൾ ലഭ്യമാക്കുവാനും കൃഷി ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തുവാനും സാധിക്കുന്നു.<br>• കർഷകരുടെ മണ്ണ് സാമ്പിളുകൾ പരിശോധനയ്ക്കായി കമ്പ്യൂട്ടർ അധിഷ്ഠിതമായി രജിസ്റ്റർ ചെയ്യുന്നതിനും പരിശോധനയുടെ വിവിധ ഘട്ടങ്ങൾ, മണ്ണ് പരിപോഷണ കാർഡ് ഇവയുടെ വിവരങ്ങൾ അറിയുന്നതിനും, മണ്ണ് പരിപോഷണ കാർഡ് പ്രിന്റ് ചെയ്യുന്നതിനും, സംവിധാനം ഒരുക്കിയിട്ടുണ്ട്. കർഷകർക്ക് ഏറെ പ്രയോജനകരമായ ഈ പദ്ധതി കമ്പ്യൂട്ടർവൽക്കരണം കൊണ്ട് സാധ്യമായതാണ്. |
| **ബി)** ഇതുമായി ബന്ധപ്പെട്ട് കർഷകർക്ക് പരിശീലനം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | **ബി)** "കേരള കർഷകൻ" മുഖേനയും മറ്റു മാധ്യമങ്ങൾ വഴിയും കർഷകർക്ക് ബോധവൽക്കരണം നൽകിയിട്ടുണ്ട്. കൂടുതൽ ബോധവൽക്കരണം നടത്തേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ